(സി) കുടിവെള്ളത്തിന് വില നിശ്ചയിക്കുന്നത് ആരാണെന്നും ഇതിന് ജല വകുപ്പ് എന്ത നടപടി സ്വീകരിച്ചുവെന്നും കുപ്പിവെള്ളം വിതരണം ചെയ്യുമ്പോൾ അതിന് മിനിമം വില ഈടാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ വകുപ്പ് എന്ത നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തുടനീളം ജലവകുപ്പിൻകീഴിൽ സർക്കാർ സ്രോതസ്സുകൾ ഉപയോഗിച്ച് കുറഞ്ഞ വിലയിൽ കുപ്പിവെള്ളം ലഭ്യമാക്കാൻ എന്ത നടപടി സ്വീകരിക്കും എന്ന വ്യക്തമാക്കുമോ ;

(ഇ) സ്വകാര്യ കുപ്പിവെള്ളത്തിന് ഗുണനിലവാരവും സർക്കാർ നിശ്ചയിച്ച വിലയും ഉറപ്പുവരുത്താൻ എന്ത നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ഐ.ടി. പാർക്കുകൾ

148 (4730) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളുടെ അഭൂതപൂർവ്വമായ വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ആകെ എത്ര ഐ.ടി. പാർക്കുകൾ ഉണ്ടെന്നും അവ എതൊക്കെയെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ ;

(സി) കൂടുതൽ ഐ.ടി പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്നും പുരോഗതിയും വിശദമാക്കുമോ ;

(ഡി) സംസ്ഥാന ഐ.ടി. പാർക്കുകളിൽ ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക്, കെ.എസ്.ഐ.ടി.ഐ.എൽ. എന്നീ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നിർമ്മിച്ചും നിർമ്മിച്ചുവരുന്നതുമായ ഐ.ടി. പാർക്കുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ തലത്തിൽ തിരുവനന്തപുരം ജില്ലയിൽ ടെക്നോപാർക്ക്, എറണാകുളം ജില്ലയിൽ കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് ജില്ലയിൽ സൈബർ പാർക്ക് എന്നീ മൂന്ന് ഐ.ടി. പാർക്കുകളാണ് നിലവിലുള്ളത്. കൂടാതെ ഈ പാർക്കുകളെ അടിസ്ഥാനപ്പെടുത്തി HUB & Spoke മാതൃകയിൽ ഐ.ടി. പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ രീതിയിൽ കൊല്ലം ജില്ലയിലെ കണ്ടച്ചിറയിൽ കൊല്ലം ടെക്നോപാർക്കും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും എറണാകുളം ജില്ലയിലെ കളമശ്ശേരിലും കാസർഗോഡ് ജില്ലയിലും കണ്ണൂർ ജില്ലയിലും ഓരോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യമേഖലയിൽ ലീല ഇൻഫോപാർക്ക് (തിരുവനന്തപുരം), കാർണിവൽ പാർക്ക്, ലുലു സൈബർപാർക്ക്, മുത്തൂറ്റ് ടെക്നോ പോളിസ്, മിനി മുത്തൂറ്റ് ടെക് ടവേർസ്, ടാൻസ് ഏഷ്യ, ബ്രിഗേഡ് ഐ.ടി. പാർക്ക് (കൊച്ചി), യു.എൽ. സൈബർ പാർക്ക് (കോഴിക്കോട്) തുടങ്ങി നിരവധി സ്വകാര്യ ഐ.ടി. പാർക്കുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൊച്ചിയിലെ സ്മാർട്ട് സിറ്റി 2015 നവംബറിൽ പ്രവർത്തനം തുടങ്ങും.

(സി) കോട്ടയം ജില്ലയിലെ വലവൂരിലും മലപ്പുറം ജില്ലയിലെ അരീക്കോടും ഐ.ടി. പാർക്കിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും ഓരോ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ കമ്പനികളിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ആകെ 72688 പേർ പ്രത്യക്ഷമായി ജോലി ചെയ്യുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതം

149 (4731) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതു പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭവിഹിതം സർക്കാരിന് നൽകിയിട്ടുള്ളത് ; ഓരോ സാമ്പത്തിക വർഷവും തരംതിരിച്ച് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly